# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4063

## 12-11-2019 ൽ മറുപടിക്ക്

**പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം<br>ശ്രീ. ജോർജ്ജ് എം. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതി വലിയ പദ്ധതിയായാതിനാലും പ്ലാൻ ഫണ്ടിൽ തുക ലഭ്യമല്ലാത്തതിനാലും കിഫ്ബിയിലുൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യകതമാക്കുമോ; | കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ച് ബജറ്റ് പ്രഖ്യാപനമുള്ളതോ കാബിനറ്റിന്റെ അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചശേഷം കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി പരിഗണിക്കുന്നത്.<br>2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ചു വർഷകാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം തന്നെ 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ച കഴിഞ്ഞു. ഇതിൽ 45,618.60 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകിക്കഴിഞ്ഞു.<br>നാളിതുവരെ കിഫ്ബി വഴി നടപ്പിലാക്കുന്നതിനായി 45,618.60 കോടി രൂപയുടെ 591 പദ്ധതികൾ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകളെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലാകും ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത്. |
| (ബി) ബഡ്ജറ്റ് പ്രസംഗത്തിലോ, കാബിനറ്റ് തീരുമാനത്തിലോ ഉൾപ്പെടാത്ത പദ്ധതികൾ കിഫ്ബിയിലുൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ